# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3826 21.06.2018-ൽ മറുപടിക്ക്**

**കൈത്തറി മേഖലയുടെയും പട്ടുനൂൽ വ്യവസായത്തിന്റെയും പുരോഗതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന കൈത്തറി മേഖലയുടെയും പട്ടുനൂൽ വ്യവസായത്തിന്റെയും പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) കൈത്തറി മേഖലയുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിൽ പ്രധാനമായത് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതിയാണ്. ഇത് വഴി നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും ഉയർന്ന വേതനവും സാധ്യമാക്കി. കൂടാതെ കൈത്തറി ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവിനും വിപണനത്തിനും പ്രോത്സാഹനം നൽകി വരുന്നു. കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകി വരുന്നു. പട്ട് നൂൽ വ്യവസായത്തിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| (ബി) പട്ടുനൂൽ സംസ്കരണ കേന്ദ്രങ്ങൾ കൂടുതലായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) പട്ടുനൂൽ സംസ്കരണകേന്ദ്രങ്ങൾ കൂടുതലായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) ഇതുമായി ബന്ധപ്പെട്ട് മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) വ്യവസായവകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ